**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7939 **16.07.2014**- ൽ മറുപടിക്ക്

## ചായം സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) തിരുവനന്തപുരം ജില്ലയിൽ ചായം സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ ; | (എ) ചായം സർവ്വീസ് സഹകരണ ബാങ്കിനെതിരായ വിജിലൻസിന്റെ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റിൽ വി.സി. 07/13/ടി.വി.എം. നമ്പർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു. |
| ബി) പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണെന്നുള്ള വിശദാംശങ്ങൾ പേര്, തസ്തിക, ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്നീ ക്രമത്തിൽ വ്യക്തമാക്കുമോ ; | (ബി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടു പ്രകാരം പ്രതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശ്രീമതി ജി.കെ. ഷൈലകുമാരി, - സെക്രട്ടറി<br>2. ശ്രീ. എൻ. ശശിധരൻ നായർ, ബോർഡ് മെമ്പർ.<br>3. ശ്രീ. കെ. വിശ്വംഭരൻ നായർ, ബോർഡ് മെമ്പർ.<br>4. ശ്രീ. എസ്. ജയേന്ദ്രകുമാർ, ബോർഡ് മെമ്പർ.<br>5. ശ്രീ. എം. അയൂബ്, ബോർഡ് മെമ്പർ.<br>6. ശ്രീ. എൻ. പുഷ്പാംഗദൻ നായർ, ബോർഡ് മെമ്പർ.<br>7. ശ്രീ. എം.എ. സലിം, ബോർഡ് മെമ്പർ.<br>8. ശ്രീ. അബ്ദുൾ അസീസ്, ബോർഡ് മെമ്പർ.<br>9. ശ്രീമതി. എസ്. തങ്കമണി, ബോർഡ് മെമ്പർ.<br>10. ശ്രീ. സി.എസ്. പ്രവീൺ, ബോർഡ് മെമ്പർ.<br><br>ബാങ്കിൽ വ്യാജ അംഗത്വം നൽകി വായ്പാ വിതരണം നടത്തിയതും പൊതുഫണ്ട് ബാങ്ക് താൽപര്യത്തിന് വിരുദ്ധമായി ചെലവഴിച്ചതും ജീവനക്കാരുടെ പോഷക വിഭാഗം ഉപ നിബന്ധനകൾക്ക് വിരുദ്ധമായി ജീവനക്കാരന് ഉദ്യോഗകയറ്റം നൽകിയതുമാണ് മേൽപ്പറഞ്ഞവർക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള പ്രധാന കുറ്റങ്ങൾ. |

| | |
|---|---|
| സി) വിജിലൻസ് കേസിൽ പ്രതിയായ ചായം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡുചെയ്യാനുള്ള സഹകരണ വകുപ്പിന്റെ ഉത്തരവ് പ്രസ്തുത ബാങ്കിന്റെ ഭരണസമിതി നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ ; | (സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ബാങ്ക് സെക്രട്ടറിയെ സസ്പെന്റ് ചെയ്യുന്നതിന് 22.04.2014 ലെ സർക്കാർ കത്ത് നമ്പർ 3163/സി1/2010/സഹ. പ്രകാരം സഹകരണ രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ നിർദ്ദേശം ബാങ്ക് ഭരണ സമിതി നടപ്പിലാക്കിയിട്ടില്ലെന്ന് രജിസ്ട്രാർ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഡി) ഇല്ലെങ്കിൽ ആയത് നടപ്പിലാക്കാത്ത ഭരണ സമിതിയുടെ വിശദീകരണം സർക്കാർ തേടിയിട്ടുണ്ടോ ;<br>ഇ) പ്രസ്തുത ഭരണ സമിതിക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) യും (ഇ) യും സർക്കാർ/സഹകരണ സംഘം രജിസ്ട്രാരുടെ നിർദ്ദേശം നടപ്പിലാക്കാത്തതിനെ തുടർന്ന് ബാങ്ക് ഭരണസമിതിയോട് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ജോയിന്റ് രജിസ്ട്രാർ കത്ത് നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്ത പക്ഷം ഭരണ സമിതിക്കെതിരെ കേരള സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| എഫ്) പ്രസ്തുത ഭരണസമിതിയെ ഇക്കാര്യത്തിൽ പിരിച്ചുവിടാതിരിക്കുന്നതിനുള്ള നിയമ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ? | (എഫ്) ചായം സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം പിരിച്ച് വിട്ടുകൊണ്ട് ജോയിന്റ് രജിസ്ട്രാർ നൽകിയ ഉത്തരവ് അസ്ഥിരപ്പെടുത്തി ബഹു. ഹൈക്കോടതി 28832/2009 നമ്പർ റിട്ട് പെറ്റീഷനിൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**